<u>ശ്രദ്ധക്ഷണിക്കൽ</u>

<u>മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക പാക്കേജ്</u>

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കേരളത്തിന്റെ തീരപ്രദേശം സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കേരളത്തിലെ 560 കി.മീ. ദൂരമുള്ള കടലോര പ്രദേശം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാർ നൽകുകയും വേണം. ഈ ആവശ്യമാണ് ശ്രദ്ധക്ഷണിക്കലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇതിനാവശ്യമായ സത്വര നടപടികൾ കേരള ഗവൺമെന്റ് മുൻകയ്യെടുത്തുകൊണ്ട്.... (ബഹളം)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്..

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: കഴിഞ്ഞ 50 വർഷംകൊണ്ട് കേരളത്തിലെ കടലോര മേഖലയിൽ ഏതാണ്ട് അരകിലോമീറ്ററോളം കടൽക്ഷോഭത്തിന്റെ ഫലമായി നഷ്ടപ്പെട്ടിട്ടുണ്ട്. തീരപ്രദേശത്ത് താമസിക്കുന്നത് മത്സ്യത്തൊഴിലാളികളടക്കമുള്ള നിരവധി ജനവിഭാഗങ്ങളാണ്. എന്നാൽ തീരം സംരക്ഷിക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ളത്. ഇപ്പോൾത്തന്നെ ഓഖി ദുരന്തം സൃഷ്ടിച്ച ആഘാതം

പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പണംപോലും അനുവദിക്കാതെ 169.6 കോടി രൂപമാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. .... (ബഹളം) കേന്ദ്രം പലപ്പോഴും ഈ മേഖലയോടുള്ള താല്പര്യങ്ങൾ ആ നിലയ്ക്ക് സംരക്ഷിക്കാറില്ല. ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ നിരവധി പണം ചെലവഴിക്കുന്നുണ്ട്. എന്നാൽ അതുപോലെതന്നെ കേരളത്തിന്റെ അതിർത്തി പ്രത്യേകമായി കണ്ടുകൊണ്ട് ആ അതിർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് കേന്ദ്ര സർക്കാർ നൽകുകയും കേരളത്തിന്റെ അതിർത്തി ആ നിലയ്ക്ക് സംരക്ഷിച്ചുകൊണ്ട് തീരപ്രദേശം നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രതയുണ്ടാകുകയും വേണം. കേരളത്തിലെ തീരപ്രദേശത്ത് വ്യത്യസ്ത തരത്തിലുള്ള മണ്ണാണുള്ളത്. എറണാകുളം ജില്ലയിലെ ചെല്ലാനം പോലുള്ള പ്രദേശത്ത് അരകിലോമീറ്ററിലധികം നഷ്ടപ്പെട്ടിട്ടുണ്ട്. വർക്കല പ്രദേശത്തും ഇതുപോലെ തീരപ്രദേശം നഷ്ടപ്പെടുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ കടൽഭിത്തി കെട്ടിയും പുലിമുട്ട് നിർമ്മിച്ചുമൊക്കെ കേരളത്തിലെ തീരപ്രദേശം സംരക്ഷിക്കുന്നതിനാവശ്യമായ കേന്ദ്രഫണ്ട് അടിയന്തരമായി അനുവദിപ്പിക്കുന്നതിനുള്ള ശ്രദ്ധ കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ... (ബഹളം).

മി. സ്പീക്കർ : ഉത്തരം മേശപ്പുറത്ത് വച്ചാൽ മതി.[+]

+ ഉത്തരം അനുബന്ധമായി ചേർക്കുന്നു.